തലസ്ഥാന വികസന ഫണ്ട്

15 (*312) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാനനഗരിയുടെ സമഗ്ര വികസനത്തിനായി തലസ്ഥാന വികസന ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(സി) തലസ്ഥാന വികസന ഫണ്ടിൽ നിന്ന് നാളിതുവരെ എന്തു തുക ചെലവായിട്ടുണ്ട് ;

(ഡി) എന്തെല്ലാം പ്രവൃത്തികൾക്കായിട്ടാണ് ഈ തുക ചെലവാക്കിയതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) തലസ്ഥാന വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവൃത്തികളാണ് ആരംഭിക്കുന്നതെന്ന് വിശദമാക്കാമോ ;

(എഫ്) ഓരോ പദ്ധതിയും ആരംഭിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ജി) പദ്ധതികളുടെ തുടർനടപടികൾ കാര്യക്ഷമമായി നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(എച്ച്) പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും നടപ്പിലാക്കുന്നതിനും വിലയിരുത്തുന്നതിനുമായി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ ;

(ഐ) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) :

(എ) ഉണ്ട്.

(ബി) ഈ വർഷത്തെ ബഡ്ജറ്റിൽ തലസ്ഥാന നഗരിയുടെ വികസനത്തിനായി 75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) നാളിതുവരെ 1,24,63,070 രൂപ ചെലവായിട്ടുണ്ട്.

(ഡി) തലസ്ഥാന നഗര വികസനത്തിനുള്ള വിവിധ പ്രോജക്ട് റിപ്പോർട്ട് കൺസൾട്ടൻസി മുഖേന തയ്യാറാക്കുക. തമ്പാനൂർ-പഴവങ്ങാടി വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്കായി ആണ് ഈ തുക ചെലവാക്കിയിട്ടുള്ളത്.

(ഇ) വിഷൻ ഡോക്കുമെന്റ്, നഗരങ്ങളിലെ റോഡ് വികസനം, ജലവിതരണം, ബസ് ടെർമിനൽ, പാളയം മാർക്കറ്റും വാണിജ്യ സമുച്ചയവും, ഖരമാലിന്യ സംസ്കരണം, ഉപരിതല അഴുക്കു ചാൽ പദ്ധതി, തീരപഥം, കോട്ട പുനരുദ്ധാരണം, നഗരസൗന്ദര്യവൽക്കരണം, വിഴിഞ്ഞം തുറമുഖം, തിരുവനന്തപുരം എയർപോർട്ട്, ടാഗോർ തിയേറ്റർ എന്നിവയുടെ വികസനം എന്നീ പ്രവൃത്തികളാണ് തലസ്ഥാന വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) തിരുവനന്തപുരം ക്യാപ്പിറ്റൽ റീജിയൺ, തീരപഥം പ്രോജക്ട് എന്നിവയുടെ വിഷൻ ഡോക്യുമെന്റ് തയ്യാറാക്കുന്നതിനും വിഴിഞ്ഞം പോർട്ട് പ്രോജക്ട്, തിരുവനന്തപുരം ബസ് ടെർമിനൽ ഡവലപ്മെന്റ് പ്രോജക്ട് എന്നിവ തയ്യാറാക്കുന്നതിനും ഐ.എൽ.&എഫ്.എസ്.ഐ.ഡി.സി. കമ്പനിയെ ഏൽപ്പിച്ചിരിക്കുകയാണ്.

(ജി) പദ്ധതികളുടെ തുടർ നടപടികൾ കാര്യക്ഷമമായി നടത്തിവരുന്നു.

(എച്ച്) . രൂപീകരിച്ചിട്ടുണ്ട്.

(ഐ) പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി ചെയർമാനായും, നഗര വികസന വകുപ്പ് സെക്രട്ടറി കൺവീനറായും ജലവിഭവം, തുറമുഖം, ധനകാര്യം (എക്സ്പെൻഡിച്ചർ), ടൂറിസം വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളായുമുള്ള ഒരു എംപവേർഡ് കമ്മിറ്റി 01-10-2002-ലെ ജി.ഒ.(എം.എസ്.)159/02/തസ്വഭവ നമ്പർ പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

അദ്ധ്യാപകരെയും അനദ്ധ്യാപകരെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് മത്സരിക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ നടപടി

16 (*313) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. സ്റ്റീഫൻ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് സ്കൂൾ, എയ്ഡഡ് മേഖലയിലെ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ അദ്ധ്യാപകരേയും അനദ്ധ്യാപകരേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് മത്സരിക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇതുസംബന്ധിച്ച എന്തെങ്കിലും ശുപാർശ സർക്കാരിന് ലഭിച്ചിട്ടുണ്ടോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) :

(എ) ഇല്ല.

(ബി) ശുപാർശകളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

ചേരി നിവാസികളെ പുനരധിവസിപ്പിക്കുന്നതിന് നടപടി

17 (*314) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളുടെ അതിർത്തിയിൽ താമസിക്കുന്ന ചേരി നിവാസികളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly